പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 1685 14.12.2012- ൽ മറുപടിയ്ക്ക്

**എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പദ്ധതികൾ**

**ചോദ്യം** **ഉത്തരം**

**ശ്രീ. റ്റി.വി. രാജേഷ്**

**ഡോ. എം.കെ. മുനീർ**
**( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ക്ഷേമപുനരധിവാസ പദ്ധതികൾ നടപ്പിലാക്കുന്നതിലെ വീഴ്ചകൾ പരിഹരിക്കാൻ സാമൂഹ്യക്ഷേമ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ക്ഷേമപുനരധിവാസ പദ്ധതികളിൽ പ്രതിമാസ ധനസഹായം അനുവദിക്കുന്ന സ്നേഹസാന്ത്വനം പദ്ധതിയും വിദ്യാഭ്യാസ ധനസഹായ പദ്ധതിയുമാണ് സാമൂഹ്യനീതി വകുപ്പിനു വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്നത്. ഇതിനു പുറമേ ചികിത്സാ സഹായത്തിനാവശ്യമായ തുക കേരള സാമൂഹ്യ സുരക്ഷാ മിഷൻ, കാസർഗോഡ് ജില്ലാ കളക്ടർക്ക് നൽകി വരുന്നു. സാമൂഹ്യനീതി വകുപ്പിനു വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കി വരുന്ന ക്ഷേമ പുനരധിവാസ പദ്ധതികളിൽ വീഴ്ച വന്നിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത നഷ്ടപരിഹാരം എത്ര പേർക്കാണ് നൽകിയത്; | (ബി) യും (സി) യും | വിവരം ശേഖരിച്ചു നൽകുന്നതാണ് |
| (സി) | രോഗബാധിതരായി കണ്ടെത്തിയിട്ടുള്ള മുഴുവൻ പേർക്കും ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ? | | |

R. [signature]

സെക്ഷൻ ഓഫീസർ